**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1427** **07-02-2023 - ൽ മറുപടിയ്ക്ക്**

**ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ഷാഫി പറമ്പിൽ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പാലക്കാട് ജില്ലയിലെ ഫുൾടൈം ജൂനിയർ ലാംഗ്വേജ് ടീച്ചർ (ഹിന്ദി) റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്; ഇനിയെത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; വ്യക്തമാക്കുമോ; | (എ) | 47. ഇനി ഒഴിവുകൾ ഒന്നും റിപ്പോർട്ട് ചെയ്യാനില്ല. |
| (ബി) | ജൂൺ-ജൂലൈ മാസങ്ങളിൽ പൂർത്തീകരിക്കേണ്ട 2022-23 വർഷത്തെ തസ്തിക നിർണയം പൂർത്തിയാക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | കെ.ഇ.ആർ അദ്ധ്യായം XXII ലെ വ്യവസ്ഥകൾ പ്രകാരം എല്ലാ വർഷവും ആറാം പ്രവർത്തി ദിനത്തിലെ കുട്ടികളുടെ കണക്കനുസരിച്ച് തസ്തിക നിർണ്ണയം നടത്തുന്നു. ഇപ്രകാരമുള്ള തസ്തിക നിർണ്ണയത്തിന് ജൂലൈ 15 മുതൽ അടുത്ത ജൂലൈ 14 വരെ പ്രാബല്യമുണ്ട്. സർക്കാർ ഉത്തരവ് നമ്പർ 5/22/പൊ.വി.വ തിയതി 18.04.2022 (SRO No .375/2022) പ്രകാരം തസ്തിക നിർണ്ണയത്തോടനുബന്ധിച്ച് കെ.ഇ.ആർ ചട്ടങ്ങളിൽ പുതിയ ചട്ടങ്ങൾ ചേർത്ത് ഭേദഗതി വരുത്തി ഉത്തരവായി. ഇതിനെതിരെ ഫയൽ ചെയ്യപ്പെട്ട റിട്ട് ഹർജി നം.17406/22, 17413/22, 17542/22 കേസുകളിൽ പുറപ്പെടുവിച്ച സ്റ്റേ നിലനിന്നിരുന്നതിനാൽ തസ്തിക നിർണ്ണയ നടപടി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. 13.07.2022 ന് പുറപ്പെടുവിച്ച അന്തിമ വിധിന്യായപ്രകാരം സർക്കാർ പുറപ്പെടുവിച്ച ചട്ടഭേദഗതി പൂർണ്ണമായും അംഗീകരിച്ച് ഉത്തരവായി. തുടർന്ന് തസ്തിക നിർണ്ണയം പൂർത്തീകരിക്കാൻ ഈ വർഷത്തേക്ക് മാത്രം ആഗസ്റ്റ് 20 വരെ സമയം അനുവദിച്ച് സർക്കാർ ഉത്തരവാകുകയും ആയതു പ്രകാരം സംസ്ഥാനത്ത് 2022-23-ലെ സ്കൂൾ തസ്തിക നിർണ്ണയം സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഇപ്രകാരം കാലതാമസം ഉണ്ടാകുമ്പോൾ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടും പ്രായപരിധി കഴിയുന്ന ഉദ്യോഗാർത്ഥികളുടെ തൊഴിലവസരം നഷ്ടമാകുമെന്ന കാര്യം ഗൗരവത്തോടെ | (സി) | 2022-23 വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ കെ.ഇ.ആർ ഭേദഗതിയെ തുടർന്ന് ആഗസ്റ്റ് 20-നകം പൂർത്തീകരിക്കാനാണ് നിർദേശം നൽകിയിരിക്കുന്നത്. ആയതു പ്രകാരം |

| | | | |
|---|---|---|---|
| | കാണന്നുണ്ടോ; എങ്കിൽ അടിയന്തരമായി തസ്തിക നിർണയം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | | സംസ്ഥാനത്ത് തസ്തിക നിർണ്ണയം പൂർത്തീകരിച്ചിട്ടുണ്ട്. 2022-23 വർഷം മുതൽ അധിക തസ്തിക അനുവദിക്കുന്നത് സർക്കാർ ഉത്തരവ് പ്രകാരമാണ്. പ്രൈമറി തലത്തിൽ ജില്ലാ വിദ്യാഭ്യാസ ആഫീസറും, ഹൈസ്കൂൾ തലത്തിൽ വിദ്യാഭ്യാസ ഉപഡയറക്ടറും ഉന്നതതല പരിശോധന നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പൊതുവിദ്യാഭ്യാസ ഡയറക്ടർ അധിക തസ്തിക ശുപാർശ ചെയ്യുകയും ഇതിനടിസ്ഥാനത്തിൽ സർക്കാർ അധിക തസ്തിക അനുവദിച്ച് ഉത്തരവാകുകയും ചെയ്യുന്നത്. ഇത് പ്രകാരം അധിക തസ്തിക അനുവദിക്കേണ്ടതുണ്ട്. ഇപ്രകാരം തസ്തിക അനുവദിച്ച് ഉത്തരവാകുന്ന മുറക്ക് മാത്രമേ തസ്തിക വ്യവസ്ഥാപിതമായതായി കണക്കാക്കി നിയമനത്തിനായി പി.എസ്.സി.ക്ക് നൽകാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ